"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി. ഹോസ്പ്പിറ്റൽ - പൂന്തി - അണമുഖം - ബൈപാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ. എ. ആർ. 29/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.524/2026/LSGD** **തീയതി, തിരുവനന്തപുരം, 28-02-2026**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം I അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.29/2009 നമ്പർ കേസിലെ 14/12/2011 തീയതിയിലെ വിധിന്യായം.
2. സ.ഉ.(അച്ചടി)നം. 32/2019/ധന, തീയതി, 18/03/2019.
3. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള 39/2013 നമ്പർ എൽ.എ.അപ്പീലിന്മേലുള്ള 04/01/2024 തീയതിയിലെ വിധിന്യായം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 07/02/2026 തീയതിയിലെ എ3/144/2009/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പ്പിറ്റൽ-പൂന്തി-അണമുഖം-ബൈപാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 29/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 7,77,024/- രൂപ (ഏഴ് ലക്ഷത്തി എഴുപത്തിയേഴായിരത്തി ഇരുപത്തിനാല് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന

പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ-പൂന്തി-അണമുഖം- ബൈപാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ സർവ്വേ നം. 1663-ൽ ഉൾപ്പെട്ട 0.22 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.29/2009 നമ്പർ കേസിലെ ബാലൻസ് തുകയായ 7,77,024/- **രൂപ (ഏഴ് ലക്ഷത്തി എഴുപത്തിയേഴായിരത്തി ഇരുപത്തിനാല് രൂപ മാത്രം)** ടി കേസിലെ കക്ഷികളായ ശ്രീ. വസന്ത സേനൻ, ശ്രീമതി ജെ.എം. ഷീല എന്നിവർക്ക് **'4217-60-800-93 Payment of Compensation in LAR Cases (Plan-Charged)'** എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/226/2024/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 28-02-2026 17:08:15

സെക്ഷൻ ഓഫീസർ